ശ്രീ. ഇ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1984 സെപ്റ്റംബർ 29-ാം തീയതി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സബ് ഇൻസ്പെക്ടർമാരെ തെരഞ്ഞെടുക്കുന്നതിനു നടത്തിയ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനെപ്പറ്റി എന്തെങ്കിലും അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

കേരളത്തിലെ ഉദ്യോഗാർത്ഥികളെ അയോഗ്യമാക്കിയ സംഭവം

699. [1124] ശ്രീ. കെ. ഇ. ഇസ്മയിൽ :

,, കാനം രാജേന്ദ്രൻ :

,, കെ. വി. സുരേന്ദ്രനാഥ് :

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോവയിലെ ഡംബോളിയം മിലിറ്ററി ക്യാമ്പിൽ ആർമി സിഗ്നൽ കോറിലേക്ക് ഇൻർവ്യൂവിനു പോയ കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ എസ്. എസ്. എൽ. സി. ബുക്കിൽ അവിടത്തെ സൈനിക ഓഫീസർ ചുവന്നമഷികൊണ്ട് ജോലിക്ക് അർഹതയില്ല എന്നെഴുതിയ നടപടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടിയാണ് കൈക്കൊണ്ടത് ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സർവ്വീസ് സംഘടനകൾ

700. [1128] ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര സർവ്വീസ് സംഘടനകൾ ഉണ്ട് ;

(ബി) അവ ഏതെല്ലാം ;

(സി) അവയുടെ പ്രസിഡന്റുമാർ ജനറൽ സെക്രട്ടറിമാർ എന്നിവർ ആരെല്ലാം ?

ഉത്തരം

(എ) 256 അംഗീകൃത സർവ്വീസ് സംഘടനകൾ ഉണ്ട്.

(ബി) പേരു വിവരമടങ്ങുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് †

(സി) വിവരം ശേഖരിച്ചുവരുന്നു.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly